بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 18.02.2022

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)

***യു.കെ.യിലെ ഇസ്‌ലാമാബാദിലുള്ള മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.***

### ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَرَسُوۡلُہٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ ○ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ○

اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ○ اَلرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ○ اِھۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡھِمۡ غَیۡرِ الۡمَغۡضُوۡبِ عَلَیۡھِمۡ وَلَا الضَّآلِّیۡنَ ○

ഇസ്‌ലാം ഒരു ദൃഷ്ടാന്തവും കാണിക്കുന്നില്ലായെന്ന ഇസ്‌ലാമിന്റെ ശത്രുക്കളുടെ ആക്ഷേപത്തിന് മറുപടിയായികൊണ്ട് അല്ലാഹുവിൽ നിന്ന് അറിയിപ്പ് കിട്ടിയതനുസരിച്ച് ഇസ്‌ലാമിന്റെ സത്യസാക്ഷ്യത്തിന് വേണ്ടി ഹദ്റത് മസീഹ് മൗഊദ്(അ) ഏകദേശം 52, 53 സവിശേഷതകളുള്ള തന്റെ ഒരു സുതനെ കുറിച്ച്, നിശ്ചിത കാലയളവിൽ ജനിക്കുമെന്ന പ്രവചനം നടത്തുകയുണ്ടായി. ഈ കാലഘട്ടത്തിനുള്ളിൽ ആ മകൻ ജനിക്കുകയും, അവൻ ദീർഘായുസ്സ് പ്രാപിക്കുകയും, അവന് ഇസ്‌ലാമിന്റെ അനിതര സാധാരണമായ സേവനത്തിന് തൗഫീഖ് ലഭിക്കുകയും ചെയ്തു. എല്ലാ വർഷവും ഫെബ്രുവരി 20 ന് ഈ പ്രവചനവുമായി ബന്ധപ്പെട്ട് മുസ്‌ലിഹ് മൗഊദ്(റ)ന്റെ പ്രവചനം എന്ന നിലയിൽ സ്മരിക്കാറുണ്ട്. ജമാഅത്തുകളുടെ യോഗങ്ങളിൽ ഇതിന്റെ വിവിധ വശങ്ങൾ വിശദീകരിക്കാറുമുണ്ട്, കൂടാതെ എം.ടി.എ.യിലും പ്രോഗ്രാം ഉണ്ടാകുന്നതാണ്.

പ്രവചനപ്പ്രകാരം ദീർഘായുസ്സ് പ്രാപിക്കുന്ന ഈ കുട്ടിയുടെ ആരോഗ്യാവസ്ഥ എന്തായിരുന്നു എന്നതിനെ സംബന്ധിച്ചു ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) സ്വയം പറയുന്നു: ചെറുപ്പത്തിൽ എന്റെ ആരോഗ്യം വളരെ ദുർബലമായിരുന്നു. ആദ്യം വില്ലൻ ചുമയുണ്ടായി. പിന്നെ എന്റെ ആരോഗ്യം എത്രത്തോളം ക്ഷയിച്ചു എന്നാൽ പതിനൊന്ന് പന്ത്രണ്ട് വയസ്സ് പ്രായമാകുന്നത് വരെയും ഞാൻ മരണത്തിന്റെയും ജീവിതത്തിന്റെയും ഏറ്റുമുട്ടലിലാണ് കഴിച്ചുകൂട്ടിയത്. കാഴ്ചശക്തി വളരേ ദുർബലമായിരുന്നു. തുടർച്ചയായി ആറേഴു മാസം വരെ എനിക്ക് പനി വന്നുകൊണ്ടിരുന്നു. എനിക്ക് ക്ഷയരോഗം ആണെന്ന് പറയപ്പെട്ടു. അതായത് ഞാൻ ടി.ബി.യുടെ രോഗിയാണെന്ന് പറഞ്ഞു. ഈ കാരണങ്ങൾകൊണ്ട് കൃത്യമായി പഠിക്കാനും എനിക്ക് കഴിഞ്ഞിട്ടുണ്ടായിരുന്നില്ല. സ്കൂളിൽ അധികവും പോയിരുന്നില്ല. ആ സമയത്ത് ആർക്കാണ് ദീർഘായുസ്സിനെ സംബന്ധിച്ച് ജാമ്യം നൽകാൻ സാധിക്കുക.? ഇത്തരം അവസ്ഥയിൽ അദ്ദേഹത്തിന് വിജ്ഞാനങ്ങൾ കിട്ടുമെന്ന് ആർക്കാണ് പറയാൻ കഴിയുക.? അദ്ദേഹം പറയുന്നു: ഹദ്റത് മസീഹ് മൗഊദ്(അ) ഖുർആനും ഹദീസും പഠിച്ചാൽ തന്നെ ധാരാളമാണ് എന്ന് പറഞ്ഞിരുന്നു. ചുരുക്കത്തിൽ എന്റെ ആരോഗ്യം അത്രത്തോളം ദുർബലമായിരുന്നു ഭൗതിക വിജ്ഞാനം നേടുന്നത് തീർച്ചയായും അസാധ്യമായിരുന്നു. എന്റെ കാഴ്ചയും കുറവായിരുന്നു. ഞാൻ പ്രൈമറി, മിഡിൽ, എൻട്രൻസ് പരീക്ഷകളിൽ എല്ലാം തോറ്റു. ഒരു പരീക്ഷയിലും പാസ്സായില്ല. എന്നാൽ അല്ലാഹു എന്നെ സംബന്ധിച്ച് ഞാൻ ആത്മീയവും ഭൗതീകവുമായ അറിവുകളാൽ നിറക്കപ്പെടുമെന്ന പ്രവചനം ചെയ്തിട്ടുണ്ടായിരുന്നു. അങ്ങനെ ഭൗതീക വിജ്ഞാനങ്ങളൊന്നും കരസ്തമാക്കിയിട്ടില്ലായിരുന്ന എന്റെ തൂലികയിലൂടെ അതിമഹത്തായ വൈജ്ഞാനിക ഗ്രന്ഥങ്ങൾ അല്ലാഹു എഴുതിപ്പിച്ചു. ലോകം അത് വായിച്ച് അത്ഭുതപ്പെടുന്നു. ഇതിനേക്കാൾ നന്നായി ഇസ്‌ലാമിക പ്രശ്നങ്ങളെ സംബന്ധിച്ച് എഴുതാൻ സാധ്യമല്ലെന്ന് അവർ അംഗീകരിക്കുകയും ചെയ്യുന്നു. തഫ്സീർ കബീർ എന്ന പേരിൽ ഞാൻ എഴുതിയ വിശുദ്ധ ഖുർആൻ തഫ്സീറിന്റെ ഒരു ഭാഗം വായിച്ച ശേഷം വലിയ വലിയ എതിരാളികൾ പോലും, ഇതുപോലുള്ള ഒരു തഫ്സീറും എഴുതപ്പെട്ടിട്ടില്ല എന്നു സമ്മതിക്കുന്നു.

ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഞങ്ങളുടെ സ്കൂളിന്റെ ഫുട്ബോൾ ടീം അമൃതസറിൽ മത്സരം വിജയിച്ചപ്പോൾ ഒരു നേതാവ് ഞങ്ങളെ ചായക്ക് ക്ഷണിച്ചു. അവിടെ എന്നെ പ്രസംഗിക്കുന്നതിന് വേണ്ടി നിർത്തുകയുണ്ടായി. (പ്രസംഗത്തിന് തയ്യാറെടുപ്പൊന്നും ചെയ്തിട്ടുണ്ടായിരുന്നില്ലാത്ത) ഞാൻ അല്ലാഹുവിനോട് ദുആ ചെയ്തപ്പോൾ ഉടനെ അല്ലാഹു എന്റെ മനസ്സിൽ ഒരു പോയന്റ് ഇട്ട് തന്നു. ഞാൻ പറഞ്ഞു: നോക്കുക വിശുദ്ധ ഖുർആനിൽ അല്ലാഹു *ഗൈരിൽ മഗ്ളൂബി അലൈഹിം വലള്ളാല്ലീൻ* എന്ന് ദുആ പഠിപ്പിച്ചിട്ടുണ്ട്. മഗ്ളൂബ് എന്നതിന്റെ അർഥം ഞങ്ങൾ യഹൂദിയായിത്തീരല്ലേ എന്നും *വലള്ളാല്ലീൻ* എന്നതിന്റെ അർഥം നസറാക്കൾ ആയി

ത്തീരല്ലേ എന്നുമാണ്. ഇതിന്റെ വിശദീകരണം മറ്റൊരു കാര്യത്തിൽ വ്യക്തമാകുന്നു. അതായത് നബി(സ) പറഞ്ഞു: ഈ ഉമ്മത്തിൽ ഒരു മസീഹ് വരുന്നതാണ്. അദ്ദേഹത്തെ നിരാകരിക്കുന്നവർ തീർച്ചയായും യഹൂദസ്വഭാവമുള്ളവരായി മാറും. ചിലർ തങ്ങളുടെ മതത്തിന്റെ അധ്യാപനങ്ങളെ കുറിച്ച് മനസ്സിലാക്കാതെ ക്രിസ്തുമതം സ്വീകരിക്കുന്നതുമാണ്. എന്നാൽ കൗതുകകരം എന്ന് പറയട്ടെ, മക്കയിൽ സൂറഃ ഫാതിഹഃ അവതരിച്ച സമയത്ത് ഏറ്റവുമധികം എതിർപ്പ് മക്കയിലെ വിഗ്രഹാരാധകരിൽ നിന്നാണ് ഉണ്ടായത്. പക്ഷെ, നാഥാ ഞങ്ങളെ വിഗ്രഹാരാധകർ ആക്കരുത് എന്നല്ല ദുആ പഠിപ്പിച്ചത്; മറിച്ച് നാഥാ, ഞങ്ങൾ യഹൂദികളും നസറാക്കളും ആകരുതേ എന്നാണ് ദുആ പഠിപ്പിച്ചത്. ഈ സൂറത്ത് മുഖേന അല്ലാഹു നൽകുന്ന പ്രവചനം എന്തെന്നാൽ, മക്കയിലെ വിഗ്രഹാരാധകർ എന്നെന്നേക്കുമായി നാമാവശേഷമാകുന്നതാണ്. എന്നാൽ യഹൂദിയ്യത്തും ക്രൈസ്തവതയും ബാക്കിയാവുന്നതാണ്. അതുകൊണ്ട് ഇവരുടെ ഫിത്നകളിൽ നിന്നും രക്ഷപ്പെടാൻ എപ്പോഴും പ്രാർഥിച്ച് കൊണ്ടിരിക്കേണ്ടതനിവാര്യമാകുന്നു. എന്റെ പ്രസംഗം കഴിഞ്ഞപ്പോൾ വലിയ വലിയ നേതാക്കന്മാർ എന്നെ കാണുകയും താങ്കൾ വിശുദ്ധ ഖുർആൻ നല്ല പോലെ പഠിച്ചിട്ടുണ്ടെന്നും ഞങ്ങൾ ഞങ്ങളുടെ ജീവിതത്തിൽ ആദ്യമായാണ് ഈ കാര്യം കേൾക്കുന്നതെന്നും എന്നോട് പറയുകയുണ്ടായി. കാര്യമെന്തെന്നാൽ എല്ലാ തഫ്സീറുകളും എടുത്ത് നോക്കുക. ഒരു മുഫസ്സിറും ഇന്ന് വരെയും ഈ ഒരു കാര്യം പറഞ്ഞിട്ടില്ല. വാസ്തവത്തിൽ അന്ന്, അല്ലാഹു എനിക്ക് ഈ കാര്യം വെളിപ്പെടുത്തിയപ്പോൾ എന്റെ പ്രായം കേവലം 20 വയസ്സിന് അടുത്തായിരുന്നു.

ഹദ്റത് മുസലിഹ് മൗഊദ്(റ) പറയുന്നു: എനിക്ക് പതിനൊന്ന് വയസ്സായിരുന്നപ്പോൾ എന്റെ ഹൃദയത്തിൽ ഒരു ചിന്ത വന്നു, ഞാൻ എന്തിനാണ് അല്ലാഹുവിൽ വിശ്വസിക്കുന്നത്. അവന്റെ അസ്തിത്വത്തിന് എന്ത് തെളിവാണുള്ളത്. ഞാൻ ഒരുപാട് നേരം ഈ വിഷയത്തിൽ ചിന്തിച്ചുകൊണ്ടിരുന്നു. അവസാനം രാത്രി പത്ത് പതിനൊന്ന് മണിയായപ്പോൾ, അതെ; ദൈവം ഉണ്ട് എന്ന് എന്റെ മനസ്സ് തീർച്ചപ്പെടുത്തി. ആ നിമിഷം എനിക്ക് വളരെയധികം സന്തോഷകരമായ നിമിഷമായിരുന്നു. എനിക്ക് എന്റെ സൃഷ്ടികർത്താവിനെ കിട്ടി എന്ന സന്തോഷമാണ് അപ്പോൾ ഉണ്ടായത്. കേട്ടുകേൾവി ആയിരുന്ന വിശ്വാസം അറിവുള്ള വിശ്വാസമായിമാറി. ഞാൻ ആ സമയത്ത് അല്ലാഹുവിനോട് ഒരു നീണ്ടകാലം വരെയും ദുആ ചെയ്തുകൊണ്ടിരുന്നു; അല്ലാഹുവേ എനിക്ക് നിന്റെ അസ്തിത്വത്തെ കുറിച്ച് ഒരിക്കലും സംശയം ഉണ്ടാക്കരുതേ. ഇന്ന് എനിക്ക് മുപ്പത്തി അഞ്ചു വയസ്സായിരിക്കുന്നു. ഇന്ന് ഞാൻ ഇതിൽ ഇത്രകൂടി ചേർത്ത് പ്രാർഥിക്കുന്നു; അല്ലാഹുവേ എനിക്ക് നിന്റെ അസ്തിത്വത്തെ സംബന്ധിച്ച് അനുഭവജ്ഞാനം നൽകേണമേ. അദ്ദേഹം പറയുന്നു: ദൈവാസ്തിത്വത്തെ സംബന്ധിച്ച് എനിക്ക് ബോധ്യമായപ്പോൾ നബി(സ)ന്റെ സത്യസാക്ഷ്യവും ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യവും എനിക്ക് വ്യക്തമായി. ഏതായിരുന്നാലും അല്ലാഹു അദ്ദേഹത്തെ വിജ്ഞാനങ്ങളാൽ നിറക്കുന്നതാണ് എന്നതിന് ഇതും ഒരു തെളിവാകുന്നു.

ഹദ്റത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) ഈ കുട്ടി തന്നെയാണ് മുസ്ലിഹ് മൗഊദിന്റെ സാക്ഷാത്കാരം എന്ന് മനസ്സിലാക്കിയിരുന്നു. ഹദ്റത് മുസ്ലിഹ് മൗഊദ്(റ) തശ്ഹീസുൽ അസ്ഹാൻ മാസികയെ വെളിച്ചത്ത് കൊണ്ടുവരാൻ അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിവരിച്ചുകൊണ്ട് ഒരു ലേഖനം തയ്യാറാക്കി പ്രസിദ്ധീകരിച്ചപ്പോൾ ഹദ്റത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ സവിധത്തിൽ അതിനെ പ്രത്യേകമായി പ്രശംസിക്കുകയുണ്ടായി. പിന്നീട് വ്യക്തിപരമായി മുസ്ലിഹ് മൗഊദ്(റ)നോട് പറഞ്ഞു: മോനെ നിന്റെ ലേഖനം വളരെ നന്നായിട്ടുണ്ട്. പക്ഷെ എന്റെ മനസ്സിന് സംതൃപ്തി കിട്ടിയിരുന്നില്ല. നിന്റെ മുന്നിൽ ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ ബാറാഹീനെ അഹ്മദിയ്യാ ഉണ്ടായിരുന്നു. നീ ഇതിനെക്കാളും വലുതായി എന്തെങ്കിലും കൊണ്ടുവരുമെന്നും ഇതിൽ നിന്നും പ്രയോജനം എടുക്കുമെന്നും പ്രതീക്ഷിച്ചിട്ടുണ്ടായിരുന്നു. ഇതുകൊണ്ട് ഹദ്റത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ ഉദ്ദേശം, വരും തലമുറകൾ കഴിഞ്ഞകാല അടിത്തറകളെ കെട്ടിപ്പൊക്കേണ്ടതുണ്ട് എന്നതായിരുന്നു. മുസ്ലിഹ് മൗഊദ്(റ) പറയുന്നു: ഈ കാര്യം ഭാവിതലമുറകൾ ഓർത്തു വെക്കുകയാണെങ്കിൽ സ്വയം അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നതോടൊപ്പം സമൂഹത്തിന് അനുഗ്രഹത്തിന് കാരണമായിത്തീരുന്നതാണ്. എന്നാൽ പൂർവീകരെക്കാളും മുന്നേറാനുള്ള പരിശ്രമം നല്ല കാര്യങ്ങളിലാണു വേണ്ടത്. അല്ലാതെ കള്ളന്റെ മകൻ വലിയ കള്ളൻ ആയിത്തീരാനല്ല പരിശ്രമിക്കേണ്ടത്. മറിച്ച് ഇതു കൊണ്ടുള്ള വിവക്ഷ, നമസ്കാരക്കാരനായ വ്യക്തിയുടെ മക്കൾ പിതാവിനേക്കാളും നമസ്കാരക്കാരായിത്തീരാൻ ശ്രമിക്കണം എന്നതാണ്. ഹദ്റത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)നു ഹദ്റത് മുസ്ലിഹ് മൗഊദ്(റ)ന്റെ ആരോഗ്യസ്ഥിതിയെ കുറിച്ചും വിജ്ഞാനത്തെപ്പറ്റിയും അറിയാമായിരുന്നിട്ടും ഈ കുട്ടിയിൽ ഇത്ര കഴിവുണ്ടെന്നും ഉന്നതമായ ലേഖനങ്ങൾ എഴുതാൻ ഇവനു സാധിക്കുമെന്നുമുള്ള ശുഭാപ്തിവിശ്വാസം ഉണ്ടായിരുന്നു.

ഹദ്റത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: ഡോക്ടർമാർ എന്റെ കാഴ്ച നഷ്ടപ്പെടുന്നതാണ് എന്ന് പറഞ്ഞപ്പോൾ ഹദ്റത് മസീഹ് മൗഊദ്(അ) എന്റെ ആരോഗ്യത്തിനുവേണ്ടി പ്രത്യേകമായും ദുആ ചെയ്യാനും എനിക്ക് വേണ്ടി നോമ്പ് എടുക്കാനും തുടങ്ങി. അങ്ങനെ അവസാന നോമ്പ് തുറക്കുമ്പോൾ, നോമ്പ്

തുറക്കാനായി വായിൽ എന്തോ ഇട്ടപ്പോൾ പെട്ടെന്ന് ഞാൻ കണ്ണ് തുറക്കുകയും എനിക്കെല്ലാം കാണാൻ കഴിയുന്നു എന്ന് ഞാൻ വിളിച്ച് പറയുകയും ചെയ്തു. ഹദ്റത് മസീഹ് മൗഊദ്(അ) എന്നോട് ഇത്ര മാത്രം പറയുമായിരുന്നു, നീ ഖുർആന്റെ തർജമയും ബുഖാരിയും ഹദ്റത് മൗലവി സാഹിബിൽ നിന്ന് അതായത് ഖലീഫ അവ്വലിൽ നിന്ന് പഠിക്കുക. കൂടാതെ മസീഹ് മൗഊദ്(അ) ഇത്രയും കുടി പറഞ്ഞിരുന്നു കുറച്ച് വൈദ്യവും പഠിക്കണം; കാരണം ഇത് നമ്മുടെ കുടുംബ തൊഴിലാണ്.

ഏതായിരുന്നാലും മുസ്‌ലിഹ് മൗഊദ്(റ) ഖലീഫ അവ്വലിൽ നിന്ന് വൈദ്യവും പഠിച്ചു. വിശുദ്ധ ഖുർആന്റെ തഫ്സീറും. ഏതാനും അറബി പ്രസിദ്ധീകരണങ്ങളും അദ്ദേഹത്തിൽ നിന്നും പഠിക്കാനുള്ള അവസരമുണ്ടായി. ചുരുക്കത്തിൽ ഇതായിരുന്നു എന്റെ വിദ്യാഭ്യാസം.

അല്ലാഹു അദ്ദേഹത്തെ ജ്ഞാനങ്ങളാൽ നിറച്ചിരുന്നു എന്നതിന് അദ്ദേഹത്തിന്റെ 52 വർഷക്കാല ജീവിതം സാക്ഷിയാണ്. ദീനീ വിഷയങ്ങൾ ആണെങ്കിലും ഭൗതീക വിഷയങ്ങൾ ആണെങ്കിലും അദ്ദേഹത്തോട് ഏത് വിഷയത്തിൽ എഴുതാനോ പറയാനോ പറഞ്ഞാൽ അദ്ദേഹം ജ്ഞാന വിജ്ഞാനങ്ങളുടെ ഒരു അരുവിതന്നെ ഒഴുക്കുമായിരുന്നു. ഒരുപാട് സന്ദർഭങ്ങളിൽ അദ്ദേഹത്തിന്റെ പ്രസംഗങ്ങളെ അന്യരായ ആളുകൾ പോലും ഒരുപാട് ശ്ലാഘിച്ചു. പത്രങ്ങളിൽ വാർത്തകൾ വന്നു.

ഹദ്റത് മുസലിഹ് മൗഊദ്(റ) പറയുന്നു: ആ പ്രവചനം എന്റെ അസ്തിത്വത്തിൽ പൂർത്തിയായിരിക്കുന്നു എന്ന് അല്ലാഹു തന്റെ ഇൽഹാം മുഖേന എന്നോടു പറഞ്ഞിരിക്കുന്നു. ഇപ്പോൾ അല്ലാഹു ഇസ്‌ലാമിന്റെ ശത്രുക്കൾക്ക് മേൽ സമ്പൂർണ ന്യായ പൂർത്തി വരുത്തിയിരിക്കുന്നു; ഇസ്‌ലാം അല്ലാഹുവിന്റെ സത്യമതവും മുഹമ്മദ്(സ) അല്ലാഹുവിന്റെ സത്യപ്രവാചകനും ഹദ്റത് മസീഹ് മൗഊദ്(അ) അല്ലാഹുവിന്റെ സത്യദാസനുമാകുന്നുവെന്ന്.

ചുരുക്കത്തിൽ ഈ പ്രവചനം പൂർത്തിയായിരിക്കുന്നു. എന്നാൽ ആ പ്രവചനത്തിന്റെ വാക്കുകൾ ഇന്ശാ അല്ലാഹ് ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ മിഷൻ പൂർത്തിയാകുന്നതുവരെ, ഇസ്‌ലാമിന്റെ പതാക ലോകത്ത് പറക്കുന്നതുവരെ നിലനിൽക്കുന്നതാണ്. നബി(സ)യുടെ അന്തസ്സും ആഭിജാത്യവും നമ്മളാണ് ഈ ലോകത്ത് സ്ഥാപിക്കേണ്ടത് എന്നും ഇസ്‌ലാമിന്റെ സത്യത ലോകത്തിന് മുന്നിൽ വെളിപ്പെടുത്തികൊണ്ട് അവരെ നബി(സ)യുടെ കൊടിക്കീഴിൽ കൊണ്ടു വരേണ്ടത് നമ്മളാണ് എന്നുമുള്ള ഉദ്ദേശത്തെ എപ്പോഴും ഓർമ വെക്കുമ്പോൾ മാത്രമാണ് ഈ പ്രവചനത്തിന്റെ പേരിലുള്ള നമ്മുടെ യോഗങ്ങൾ പ്രയോജനപ്രദമാകുകയുള്ളൂ. ഇന്ന് ഹദ്റത് മസീഹ് മൗഊദ്(അ) നെ അംഗീകരിക്കുന്നവർക്കല്ലാതെ മറ്റൊരാക്കും തന്നെ ഇസ്‌ലാമിന്റെ പതാക ലോകത്ത് വീണ്ടും പരത്താൻ സധിക്കുന്നതല്ല. അല്ലാഹു നമുക്ക് അത് ചെയ്യുന്നതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُؤمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهُ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهُ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ- عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوْا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis (atba)**

at Mubarak Mosque, Islamabad, UK – on 18.02.2022

Malayalam Translation: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**